(സി) ഇ-ഗവേണൻസ് മുഖേന ഇത്തരം തുക ട്രാൻസ്ഫർ ചെയ്യാവുന്ന കാര്യം പരിഗണിക്കാവുന്നതാണ്. എന്നാൽ നിലവിൽ സർക്കാർ ആവശ്യത്തിനായി എടുക്കുന്ന ഡി.ഡി.-കൾക്ക് മാത്രമേ ഡി.ഡി. കമ്മീഷൻ ഒഴിവാക്കുന്നുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും നിയമിക്കപ്പെടുന്ന പേഴ്സണൽ സ്റ്റാഫുകളുടെ റീവ് സാലറി, പി.എഫ്., പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ അയയ്ക്കുന്നതിനുള്ള ഡി.ഡി. ചാർജ് സർക്കാർ വഹിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി

147 (6598) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും മറ്റൊരു ഡിപ്പാർട്ടുമെന്റിലേക്ക് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്നു പറയാമോ;

(ബി) പ്രസ്തുത ഡെപ്യൂട്ടേഷൻ കാലാവധി മറികടന്ന് ധനകാര്യവകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നുണ്ടോ എന്നു പറയാമോ; ഇപ്രകാരം തുടരുന്നുണ്ടെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമല്ലേ; വ്യക്തമാക്കുമോ;

(സി) റിജിഡിൻസ് കേസിൽ പ്രതിയായ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ ധനകാര്യവകുപ്പിലെ തന്നെ തസ്തികകളിലോ ഡെപ്യൂട്ടേഷനിൽ കേസിനാസ്പദമായ സ്ഥാപനങ്ങളിലെ പ്രധാന പോസ്റ്റുകളിലോ ജോലിയിൽ തുടരുന്നുണ്ടോ; കേസിന്റെ കാരണത്താൽ ഇവർക്ക് എതിരെ ധനകാര്യ വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയാമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 22-1-2013 പ്രാബല്യത്തിൽ കെ.എസ്.ആർ. ഭാഗം I-ൽ ഉൾപ്പെടുത്തിയ ചട്ടം 140(സി) അനുസരിച്ച് പ്രാരംഭത്തിൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാവുന്നതും ആയത് തുടർച്ചയായി 5 വർഷംവരെ പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്.

(ബി) ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ റിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. എസ്.വി. കവേശന്റെ അന്യത്ര സേവന കാലാവധി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥന പ്രകാരം കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) പ്രകാരം അനുവദനീയമായ 5 വർഷകാലയളവിൽ നിന്ന് ഒരു വർഷംകൂടി ഇളവു നൽകി തദ്ദേശസ്വയം ഭരണ വകുപ്പ് ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എസ്. വി. കവേശൻ വിജിലൻസ് കേസ് നേരിടുന്നുണ്ടെങ്കിലും ടിയാൻ ഫിനാൻസ് ഓഫീസർ തസ്തികയിൽ ജോലിയിൽ തുടരുന്നുണ്ട്. വിജിലൻസിൽനിന്ന് അറിയിപ്പ് കിട്ടിയ മുറയ്ക്ക് ടിയാനെ സസ്പെൻഡ് ചെയ്യാനും ടി തസ്തികയിൽനിന്ന് റിവേർട്ട് ചെയ്യാനും പൊതുഭരണ വകുപ്പിനോട് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ തുടർന്നുവരികയാണ്. കൂടാതെ 5 വർഷ കാലാവധി പൂർത്തിയാക്കിയെങ്കിലും ചട്ടം 140 (സി) ഭാഗം I KSR.-ൽ ഇളവു വരുത്തി ടിയാന് പുതിയ ഫിനാൻസ് ഓഫീസർ ചാർജ് ഏറ്റെടുക്കുന്നതുവരെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധികചുമതലകൂടി നൽകി തൽസ്ഥാനത്തു തുടരാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിലെ ഭേദഗതി

148 (T6599) ശ്രീ. എം. വി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 11-10-2013-ലെ 515/13/ഫിൻ. നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ ബി,സി,ഡി വിഭാഗങ്ങൾമൂലം ഡെപ്യൂട്ടേഷന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡെപ്യൂട്ടേഷനിൽ പോകുന്ന ഒഴിവുകൾ നികത്തുന്നതിന് അനുമതി നൽകുന്ന വിധം ഉത്തരവ് പരിഷ്കരിക്കുമോ ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയ ഉത്തരവ് പുനഃപരിശോധിക്കുമോ : വിശദമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 11-10-2013-ലെ 515/13/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ ബി വിഭാഗം ഒഴിവാക്കുകയും സി, ഡി വിഭാഗങ്ങൾ ഭേദഗതി വരുത്തുകയും (28-11-2013-ലെ സ.ഉ. (പി)നമ്പർ 580/2013/ധന. പ്രകാരം) ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly